ഹയർ സെക്കണ്ടറി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം.

നം.എസിഡി.ബി.6/13073/എച്ച്.എസ്.ഇ/2012 തീയതി 20/09/2012

പ്രേഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

Regional Deputy Director

Ernakulam

സർ,

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്– ടെസ്റ്റ് പാസ്സാവാത്ത ലാബ് അസിസ്റ്റന്റുമാർക്ക് സമയബന്ധിത ഹയർഗ്രേഡ് നൽകുന്നത് സംബന്ധിച്ച്.

സൂചന:

1. 16/7/12 ൽ All kerala plus two lab Assistants Association നൽകിയ അപേക്ഷ.
2. 17/05/2012 ലെ 72803/T1/12 പൊ.വി.വ. നമ്പർ സർക്കാർ കത്ത്.
3. സീനിയർ എഫ്..ഒ. 17/9/2012 ൽ നൽകിയ സ്പഷ്ടീകരണം.
4. സർക്കുലർ നം. 46/08/ഫിൻ. തീയതി 8/8/08.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (2) പ്രകാരം സമയ ബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ/നിയമ പ്രകാരം നിശ്ചിത യോഗ്യത നേടാത്ത ജീവനക്കാർക്കും പ്രവേശന തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിയാകുന്ന മുറക്ക് സമയബന്ധിത ഹയർഗ്രേഡ് അനുവദനീയമാണെന്ന് അറിയിച്ചിട്ടുണ്ട്.. എന്നാൽ പ്രസ്തുത ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡ് സ്കെയിലായി കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ സ്കെയിലുകളുടെ പട്ടികയിൽ മേൽ ജീവനക്കാർ കൈപ്പറ്റികൊണ്ടിരിക്കുന്ന സ്കെയിലിന്റെ തൊട്ടുയർന്ന ശമ്പള സ്കെയിൽ മാത്രമേ ഗ്രേഡ് സ്കെയിലായി അനുവദിക്കാൻ കഴിയുകയുള്ളു. അൺക്വാളിഫൈഡ് ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികകളുടെ ശമ്പള സ്കെയിലുകൾ ഗ്രേഡ് സ്കെയിലായി നൽകാൻ വ്യവസ്ഥയില്ല. ഇക്കാര്യം

cd
27/9/12

8/08/08 ലെ സർക്കുലർ നം.46/08 ധന യുടെ ഖണ്ഡിക 10 ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ജീവനക്കാർക്കും സമയബന്ധിത ഹയർഗ്രേഡ് അനുവദനീയമാണ്. എന്നാൽ അംഗങ്ങൾക്കാർക്കും സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലായി കാലാകാലങ്ങളിലെ · ശമ്പള പരിഷ്കരണ ഉത്തരവുകളിലെ സ്കെയിലുകളുടെ പട്ടികയിൻ മേൽ ജീവനക്കാർ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിൽ മാത്രമേ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലായി അനുവദിക്കുവാൻ സാധിക്കുകയുള്ളു എന്നും ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

സൂചന (3) പ്രകാരം ടെസ്റ്റ് പാസാവാത്ത ലാബ് അസിസ്റ്റന്റുമാർക്ക് സർക്കുലർ നം.46/08/ഫിൻ തീയതി. 8/8/08 ഖണ്ഡിക 10,14,15 പ്രകാരം ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. കാലാകാലങ്ങളിലെ ശമ്പള പരിഷ്ക്കരണ ഉത്തരവുകളിലെ സ്കെയിലുകളുടെ പട്ടികയിൻമേൽ ജീവനക്കാർ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിൽ മാത്രമേ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലായി അനുവദിക്കാൻ പാടുള്ളു എന്നും കൂടാതെ പ്രൊമോഷൻ · തസ്തികയുടെ സ്കെയിലിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ അർഹതയുള്ള ലാബ് അസിസ്റ്റന്റുമാർക്ക് പ്രസ്തുത റൂൾപ്രകാരം അനുവദനീയമായ ഗ്രേഡ് നൽകേണ്ടതാണ്. സൂചന (2) (4) എന്നിവയുടെ പകർപ്പ് ഇതോടൊപ്പം വയക്കുന്നു.

BL
25/9/12

വിശ്വസ്തതയോടെ

ഡയറക്ടർ

mj.20